"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് - SPCA (Society for Prevention and Cruelty to Animals) നിന്നും പ്യൂൺ തസ്തികയിൽ വിരമിച്ച ശ്രീ സുരേഷ് കുമാറിന് എക്സ് ഗ്രേഷ്യാ അലവൻസ്- അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1235/2025/LSGD തീയതി,തിരുവനന്തപുരം, 20-05-2025

---

പരാമർശം:-

1. 09/09/2015 ലെ GO(MS)No.276/2015/LSGD നമ്പർ ഉത്തരവ്
2. G.O (Rt)No.2395/2024/Fin Dated, 13.03.2024
3. തിരുവനന്തപുരം ജില്ല വെറ്റിനറി കേന്ദ്രം ചീഫ് വെറ്ററിനറി ഓഫീസറുടെ 25.3.2024 ലെ നടപടി ക്രമം
4. 10/01/2025 -ലെ ശ്രീ സുരേഷ് കുമാർ സമർപ്പിച്ച അപേക്ഷ
5. 01.02.2025 ലെ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഇ1-3598/2011/റ്റി.ഡി.പി നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള SPCA (Society for Prevention and Cruelty to Animals) നിന്നും പ്യൂൺ തസ്തികയിൽ വിരമിച്ച ശ്രീ വി. സുരേഷ് കുമാറിന് 2024 - 2025 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (5) ലെ കത്ത് പ്രകാരം ടിയാന് 1,05,300/- രൂപ എക്സ്ഗ്രേഷ്യാ ഇനത്തിൽ അനുവദിക്കുന്നതിനായി 2024 മാർച്ച് മുതൽ 2025 മാർച്ച് വരെയുള്ള ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പരാമർശം (3) ലെ നടപടിക്രമം, അക്വിറ്റൻസ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ സഹിതം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ SPCA യിൽ നിന്നും പ്യൂൺ തസ്തികയിൽ വിരമിച്ച ശ്രീ സുരേഷ് കുമാറിന് എക്സ്ഗ്രേഷ്യാ അലവൻസിന് അർഹതയുള്ളതിനാലും, തിരുവനന്തപുരം ജില്ലാ വെറ്ററിനറി ഓഫീസറുടെ പരാമർശം (3) ലെ നടപടി ക്രമത്തിന്റെ അടിസ്ഥാനത്തിലും, 2024 മാർച്ച് മാസത്തെ തുക കൈപ്പറ്റിയിട്ടില്ലായെന്ന അക്വിറ്റൻസ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ശുപാർശ നൽകിയിട്ടുള്ളത് പ്രകാരം 2024 മാർച്ച് മുതൽ 2025 മാർച്ച് 13 മാസത്തെ എക്സ്ഗ്രേഷ്യാ തുകയായ **1,05,300 രൂപ ( ഒരു ലക്ഷത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം )** 2403-00-196-50 (NP)(Block Grants for Revenue expenditure) എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി

നൽകികൊണ്ട് ഉത്തരവാകുന്നു.

3) മേൽപ്രകാരം കുടിശ്ശിക അടക്കമുള്ള ചെലവ് 25-26 സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്ന് അനുവദിക്കേണ്ടതിനും പ്രസ്തുത വിഹിതം തീരുന്ന മുറയ്ക്ക് അധിക തുകയ്ക്കുള്ള ശുപാർശ ലഭ്യമാക്കുന്നതിനും യഥാസമയം നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്
വി. സുരേഷ് കുമാർ, എസ്.പി.സി.എ (പ്യൂൺ)(Rtd), തിരുവനന്തപുരം (ജില്ലാ പഞ്ചായത്ത് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ (ഡി.ബി3/14/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 21-05-2025 11:10:33
സെക്ഷൻ ഓഫീസർ